**പതിനഞ്ചാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2023 മാർച്ച് 15, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

72 (*421) ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ക്ഷീരോല്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മിൽക്ക് ഷെഡ് ഡെവലപ്മെന്റ്, കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ഡയറി ഫാം സ്ഥാപിക്കൽ, ഫാം യന്ത്രവത്ക്കരണം എന്നിവയ്ക്ക് ധനസഹായം നൽകിവരുന്നുണ്ടെന്നും മിൽമയും മേഖലാ യൂണിയനുകളും നടത്തുന്ന പ്രവർത്തനങ്ങളിലൂടെ സംഘങ്ങൾ വഴിയുള്ള പാൽ സംഭരണത്തിലും വിൽപ്പനയിലും വർദ്ധനവുണ്ടായിട്ടുണ്ടെന്നും പാലുല്പാദനത്തിൽ സംസ്ഥാനം 90 ശതമാനം

സ്വയംപര്യാപ്തത നേടിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പാലിന് ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ കർഷകന്റെ ലാഭത്തിൽ 5.025 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ടെന്നും രണ്ട് കറവകൾ തമ്മിലുള്ള ഇടവേള 12 മണിക്കൂറാക്കാനുള്ള പരിശ്രമം നടത്തിവരികയാണെന്നും അതിലൂടെ പാലുല്പാദനം വർദ്ധിപ്പിക്കാൻ സാധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. വാണിജ്യാടിസ്ഥാനത്തിൽ ഫാം നടത്തുന്നവർക്കും കറവ യന്ത്രം വാങ്ങുന്നവർക്കും നിബന്ധനകൾക്ക് വിധേയമായി ധനസഹായവും ഡയറി ഫാം ആരംഭിക്കുന്നതിനും ഫാം ആധുനികവത്ക്കരണത്തിനുമുള്ള ബാങ്ക് വായ്പയ്ക്ക് പലിശയിളവും അനുവദിക്കുന്നുണ്ട്. വിവിധയിനം പാലും അനുബന്ധ ഉല്പന്നങ്ങളും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിപണിയിലെത്തിക്കാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഇതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും അടിസ്ഥാന സൗകര്യങ്ങളും മേഖലാ യൂണിയനുകളിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്നും മിൽമ മലബാർ മേഖലാ യൂണിയനിൽ പാൽപ്പൊടി, ലോംഗ് ലൈഫ് മിൽക്ക്, കണ്ടൻസ്ഡ് മിൽക്ക് തുടങ്ങിയവ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതായും അറിയിച്ചു. ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെയും ഓൺലൈൻ ഡെലിവറി സേവന ദാതാക്കളിലൂടെയും മിൽമ ഉല്പന്നങ്ങൾ ലഭ്യമാക്കുന്നുണ്ടെന്നും 'മിൽമ ബസ്

ഓൺ വീൽസ് പദ്ധതി, റൂറൽ മാർക്കറ്റിംഗ്, വിദേശകയറ്റുമതി എന്നിവ ആരംഭിച്ചിട്ടുണ്ടെന്നും 'മിൽമ അറ്റ് സ്കൂൾ' പദ്ധതി വ്യാപിപ്പിക്കുമെന്നും നടപ്പുസാമ്പത്തിക വർഷം 'ക്ഷീരഗ്രാമം പദ്ധതി' 20 പഞ്ചായത്തുകളിൽ നടപ്പാക്കുമെന്നും 'ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി' പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും അറിയിച്ചു. മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവിടങ്ങളിൽ പാലിന്റെ ഗുണനിലവാരപരിശോധനയ്ക്ക് സ്ഥിരം സംവിധാനം ഒരുക്കിയിട്ടുണ്ടെന്നും ഓണക്കാലത്ത് അതിർത്തി ചെക്ക്പോസ്റ്റുകളിൽ താൽക്കാലിക സംവിധാനം ഏർപ്പെടുത്തിവരുന്നുണ്ടെന്നും ഗുണനിലവാരം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം ക്ഷീരവികസന വകുപ്പുദ്യോഗസ്ഥർക്ക് നൽകുന്ന കാര്യം പരിഗണനയിലാണെന്നും കാലിത്തീറ്റയുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും മായം കലർത്തുന്നത് തടയാനും നിയമനിർമ്മാണം നടത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

73 (*422) <u>കന്നുകാലികളിലെ ചർമ്മ മുഴ രോഗം</u>

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കന്നുകാലികളിലെ ചർമ്മ മുഴ രോഗം നിയന്ത്രിക്കുന്നതിന് പ്രതിരോധ

കുത്തിവയ്പ്പ് വ്യാപകമാക്കിയിരുന്നുവെന്നും കാർപ്പെറ്റ് വാക്സിനേഷൻ കാമ്പയിൻ 14-03-2023 വരെ ദീർഘിപ്പിച്ചിട്ടുണ്ടെന്നും ഇതിന് സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ടെന്നും രോഗബാധയിലൂടെ കന്നുകാലികൾ ചത്തുപോയാൽ കർഷകന് 30,000 രൂപ വരെ നഷ്ടപരിഹാരം അനുവദിക്കുമെന്നും സഭയെ അറിയിച്ചു. അതിർത്തി ചെക്ക്പോസ്റ്റുകളിൽ രോഗബാധ സംശയിക്കുന്ന മൃഗങ്ങളുടെ ബ്ലഡ് സാമ്പിളുകൾ ശേഖരിച്ച് ആരോഗ്യ പരിശോധന നടത്തുന്നുണ്ടെന്നും രോഗബാധ കണ്ടെത്തിയാൽ ചെക്ക്പോസ്റ്റ് കടത്തിവിടാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ടെന്നും പ്രജനനത്തിനെത്തിക്കുന്ന കന്നുകാലികളിൽ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. വീട്ടുപടിക്കൽ മൃഗചികിത്സാ സേവനങ്ങൾ നൽകുന്നതിന് രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും മൂന്ന് കോർപ്പറേഷനുകളിലും ഒരു മുനിസിപ്പാലിറ്റിയിലും നടപ്പാക്കിയിട്ടുണ്ടെന്നും കൊല്ലം, എറണാകുളം, കണ്ണൂർ ജില്ലകളിൽ സഞ്ചരിക്കുന്ന ടെലി വെറ്ററിനറി യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്നും 12 മൊബൈൽ സർജറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടെന്നും 'ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ പദ്ധതി' പ്രകാരം 29 ബ്ലോക്കുകളിൽ

മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത സേവനം വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലാണെന്നും അടിയന്തര ഘട്ടങ്ങളിൽ സഹായം ലഭ്യമാക്കുന്നതിനായി കോൾ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. അതിദരിദ്ര കുടുംബങ്ങൾക്ക് 90 ശതമാനം സബ്സിഡിയിൽ പശുക്കളെ നൽകുന്ന പദ്ധതി നടപ്പാക്കി വരികയാണെന്നും ക്ഷീരകർഷകരെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വരുന്നുണ്ടെന്നും പാലോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്ററിനറി ബയോളജിക്കൽസിൽ വാക്സിനുകൾ ഉല്പാദിപ്പിക്കുന്നുണ്ടെന്നും ആലപ്പുഴയിലും കോട്ടയത്തുമായി പക്ഷിപ്പനിമൂലം താറാവുകൾ ചത്തൊടുങ്ങുന്നതിന് നഷ്ടപരിഹാരമായി 4 കോടി രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

74 (*423) <u>കാർഷികോല്പന്നങ്ങളുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള മൂല്യവർദ്ധിത സംരംഭങ്ങൾ</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ കാർഷികോല്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്,

വിപണനം എന്നീ മേഖലകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിനും പൊതുസംരംഭകരെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി 2016 മുതൽ 'വൈഗ' (VAIGA - Value Addition for Income Generation in Agriculture) സംഘടിപ്പിച്ചുവരുന്നുണ്ടെന്നും അതിലൂടെ വൈവിധ്യമേറിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ എന്ന ആശയം യാഥാർത്ഥ്യമായെന്നും അന്യസംസ്ഥാന സ്റ്റാളുകളിലെ പ്രദർശനത്തിൽനിന്നും നൂതന സാധ്യതകൾ മനസ്സിലാക്കാൻ സംസ്ഥാനത്തെ കർഷകർക്കും സംരംഭകർക്കും അവസരം ലഭിച്ചെന്നും കഴിഞ്ഞ അഞ്ച് 'വൈഗ'-യിൽനിന്നുള്ള ആശയങ്ങളുടെ ഫലമായി 161-ഓളം സ്റ്റാർട്ടപ്പുകളും 118-ഓളം കർഷക ഉല്പാദക സംഘടനകളും രൂപീകൃതമായെന്നും സഭയെ അറിയിച്ചു. 'വൈഗ'-യുടെ ഭാഗമായി ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ ശാക്തീകരിച്ച് സംരംഭകർക്ക് പരിശീലനം നൽകുകയും അട്ടപ്പാടി മില്ലറ്റ് വില്ലേജ് രൂപീകരിക്കുകയും എസ്.എഫ്.എ.സി. വഴി 54 ചെറുകിട-സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്തു. 'കാർഷിക മേഖലയിൽ മൂല്യവർദ്ധിത ശൃംഖലയുടെ വികസനം' എന്ന ആശയത്തോടെ സംഘടിപ്പിച്ച 'വൈഗ 2023'-ൽ 'ഡി.പി.ആർ ക്ലിനിക്', 'വൈഗ അഗ്രി ഹാക്ക് 2023' എന്നിവ സംഘടിപ്പിച്ചുവെന്നും ബി2 ബി

മീറ്റിൽ 39.76 കോടി രൂപയുടെ 128 സമ്മതപത്രങ്ങൾ കൈമാറാൻ സാധിച്ചതായും എല്ലാ ജില്ലകളിലും ബി2 ബി മീറ്റ് സംഘടിപ്പിക്കാൻ ആലോചിക്കുന്നുവെന്നും 'കേരൾ അഗ്രോ' എന്ന ബ്രാൻഡിൽ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെ 100 ഉല്പന്നങ്ങൾ വിപണിയിലെത്തിച്ചിട്ടുണ്ടെന്നും 'ഒരു കൃഷിഭവനിൽ ഒരു ഉല്പന്നം' എന്ന നിലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഉല്പന്നങ്ങളുടെ ആകർഷകമായ പായ്ക്കിംഗിന് മുംബൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ 'കൃഷിദർശൻ' പരിപാടിയുടെ ഭാഗമായി എക്സിബിഷനുകൾ സംഘടിപ്പിക്കുകയും മികച്ച കൃഷിരീതികൾ മനസ്സിലാക്കി പ്രവൃത്തിപഥത്തിലെത്തിക്കുന്നതിന് 27 കർഷകരുടെ സംഘം ഇസ്രായേൽ സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. RKVY പദ്ധതിപ്രകാരം 50 കർഷക ഉല്പാദക സംഘടനകളുടെ രൂപീകരണവും നിലവിലുള്ള 50 കർഷക ഉല്പാദക സംഘടനകളുടെ ശാക്തീകരണവും സാദ്ധ്യമായിട്ടുണ്ട്. ഉല്പന്നങ്ങൾക്ക് പരമാവധി വില ഉറപ്പുവരുത്തുന്നതിന് കർഷക ഉല്പാദക സംഘടനകളുടെ വ്യാപനത്തിന് സർക്കാർ കൃഷിക്കൂട്ടങ്ങൾ രജിസ്റ്റർ ചെയ്ത്

പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും വി.എഫ്.പി.സി.കെ. മുഖേന 41 കർഷക ഉല്പാദക സംഘടനകളുടെ രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ടെന്നും കേന്ദ്ര സർക്കാരിന്റെ 10000 എഫ്.പി.ഒ. രൂപീകരണ പദ്ധതിപ്രകാരം 76 കർഷക ഉല്പാദക സംഘടനകൾ രൂപീകരിച്ചിട്ടുണ്ടെന്നും കർഷക ഉല്പാദക സംഘടനകളുടെ പ്രവർത്തനം വ്യാപിപ്പിക്കുമെന്നും എഫ്.എസ്.എ.സി. മുഖേന രൂപീകരിച്ച വിവിധ കർഷക ഉല്പാദക സംഘടനകൾ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനം നടത്തിവരുന്നുണ്ടെന്നും ചക്ക, പഴവർഗ്ഗങ്ങൾ എന്നിവയെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി വിദേശരാജ്യങ്ങളിലേയ്ക്കുടക്കം കയറ്റി അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും കർഷകർക്ക് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി ചേർന്ന് പരിശീലനം നൽകുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

75 (*424) <u>പുതിയ റെയിൽവേ വികസന പദ്ധതികൾ</u>

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ പ്രധാന റെയിൽവേ വികസന പദ്ധതികളായ സിൽവർലൈൻ (അർദ്ധ അതിവേഗ റെയിൽ), തിരുവനന്തപുരം-കാസർഗോഡ്, തലശ്ശേരി-മൈസൂർ,

നിലമ്പൂർ-നഞ്ചൻകോട്, അങ്കമാലി-ശബരി എന്നിവ റെയിൽ മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളവയാണെന്നും കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനാണ് ടി പദ്ധതികളുടെ നടത്തിപ്പുചുമതല നൽകിയിട്ടുള്ളതെന്നും സഭയെ അറിയിച്ചു. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് റെയിൽവേ മന്ത്രാലയവുമായുള്ള ഏകോപനവും ചർച്ചകളും നടത്തിവരുന്നുണ്ട്. തിരുവനന്തപുരം-കണ്ണൂർ വന്ദേഭാരത് ട്രെയിൻ, കോഴിക്കോട്-ബാംഗ്ലൂർ ഇന്റർസിറ്റി, പാലക്കാട്-തിരുവനന്തപുരം ജനശതാബ്ദി എക്സ്പ്രസ്സ് എന്നിവയുൾപ്പെടെ പന്ത്രണ്ടോളം പുതിയ ട്രെയിനുകൾ അനുവദിക്കണമെന്നും ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കണമെന്നതുമുൾപ്പെടെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും കേന്ദ്ര റെയിൽവേ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും അവയൊന്നും പരിഗണിക്കപ്പെട്ടില്ലെന്നും റെയിൽവേ വികസനത്തിനാവശ്യമായ നപടികൾ സ്വീകരിക്കുന്നതിന് തുടർന്നും ഇടപെടൽ നടത്തുന്നതാണെന്നും വ്യക്തമാക്കി. നേമം കോച്ചിംഗ് ടെർമിനൽ പദ്ധതി കേന്ദ്രം ഉപേക്ഷിക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയത് പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കൊച്ചുവേളി ടെർമിനൽ

യാഥാർത്ഥ്യമാക്കുന്നതുസംബന്ധിച്ച് റെയിവേ മന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ടെന്നും 'അമൃത് ഭാരത്' പദ്ധതിയിലുൾപ്പെടുത്തി റെയിൽവേ സ്റ്റേഷനുകൾ നവീകരിക്കണമെന്ന ആശയം മുന്നോട്ടുവച്ചിട്ടുണ്ടെന്നും ശബരി റെയിൽപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് 100 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും മുതിർന്ന പൗരൻമാർക്ക് ട്രെയിൻ യാത്രാനിരക്കിൽ അനുവദിച്ചിരുന്ന ഇളവും കോവിഡ് സാഹചര്യത്തിൽ നിർത്തലാക്കിയ ട്രെയിൻ സ്റ്റോപ്പുകളും പുന:സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

76 (*425) <u>കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി</u>

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് കാർഷികോല്പാദനക്ഷമത, ഉല്പന്ന സംഭരണം, ഉല്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽനിന്നും മറ്റ് അനുബന്ധ മേഖലകളിൽനിന്നുമുള്ള വരുമാനം എന്നിവയിൽ വർദ്ധനവ് വരുത്തി കാർഷിക വരുമാനം ഇരട്ടിയാക്കുന്നതിനായി മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച കൃഷിക്കൂട്ടങ്ങളുടെ ഫലപ്രദമായ

ഇടപെടലിലൂടെ കർഷക വരുമാനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നുവെന്നും സഭയെ അറിയിച്ചു. കാർഷികവിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി തരിശുരഹിത കൃഷി, സങ്കര വിത്തുകളുടെ ഉപയോഗം, കാർഷിക-പാരിസ്ഥിതിക മേഖല ആധാരമാക്കിയുള്ള കൃഷി, നവീന സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ, വിളയിടാധിഷ്ഠിത കൃഷിരീതി എന്നിവ നടപ്പിലാക്കുന്നതോടൊപ്പം സംസ്കരണം, മൂല്യവർദ്ധനവ്, വിപണന പിന്തുണ എന്നീ മേഖലകൾ സജീവമാക്കുന്നതിന് സ്റ്റാർട്ടപ്പുകൾ, എഫ്.പി.ഒ.-കൾ, കൃഷിക്കൂട്ടങ്ങൾ എന്നിവയിലൂടെ ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു. കാർഷിക ഉല്പന്നങ്ങൾക്ക് പൊതു ബ്രാൻഡ് നൽകുന്നതിനും 100 മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഓൺലൈൻ വിപണി വഴി ലഭ്യമാക്കുന്നതിനും 500-ഓളം മൂല്യവർദ്ധിത ഉല്പന്നങ്ങളെ "കേരൾ അഗ്രോ" പൊതു ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണെന്നും 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി ഓൺലൈൻ സംവിധാനത്തിലൂടെ

നടപ്പാക്കിയിട്ടുണ്ടെന്നും കാർഷിക മേഖലകൾക്ക് പ്രാധാന്യം നൽകി സ്ഥലങ്ങളുടെ ഭൂപ്രകൃതിക്കിണങ്ങുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടെന്നും കൃഷി സ്ഥലത്തെ AIMS Portal (Agriculture Information Management System)-മായി ബന്ധിപ്പിക്കുന്നതിന് റവന്യൂ വകുപ്പിന്റെ ReLIS (Revenue Land Information System) സോഫ്റ്റ്‌വെയറുമായുള്ള സംയോജന പ്രക്രിയ പൂർത്തീകരിച്ചുവരുന്നുണ്ടെന്നും കൃഷി ഉദ്യോഗസ്ഥരെ ഫീൽഡിലേയ്ക്ക് വിന്യസിച്ച് കർഷകർക്കാവശ്യമായ സാങ്കേതിക ഉപദേശം നൽകുന്നതിനുള്ള ഇടപെടലുകൾ ആരംഭിച്ചിട്ടുണ്ടെന്നും അറിയിച്ചു. Agriculture Infrastructure Fund (AIF), Rural Infrastructure Development Fund (RIDF), Rebuild Kerala Initiative (RKI) തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ പ്രളയാനന്തര കാർഷികമേഖലയെ പരിപോഷിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. നെല്ല്-പച്ചത്തേങ്ങ-കൊപ്ര സംഭരണം നടത്തിവരുന്നുണ്ടെന്നും പതിനാറിനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാനവില നിശ്ചയിച്ചിട്ടുണ്ടെന്നും റബ്ബർ കർഷകർക്ക് ഇൻസെന്റീവ് നൽകുന്നുണ്ടെന്നും 2023-24 സാമ്പത്തിക വർഷം 500 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ടെന്നും ഹോർട്ടികോർപ്പ്, VFPCK എന്നിവ വഴിയുള്ള പഴം-പച്ചക്കറി

സംഭരണത്തിലൂടെയും ഓണം, ക്രിസ്തുമസ് കാർഷിക വിപണികൾ സംഘടിപ്പിക്കുന്നതിലൂടെയും ഉല്പന്നങ്ങളുടെ വിലയിടിവിന് പരിഹാരം കാണാൻ സാധിക്കുന്നുണ്ടെന്നും പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.